(സി) ഐടി@സ്കൂളും കൈറ്റ്സുമായി സഹകരിച്ചാണ് വിവിധ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ചു നടത്തുവാൻ ഉദ്ദേശിക്കുന്നത്.

(ഡി) 1. ഡിസ്റ്റന്റ് ഇ-ലേർണിംഗ് സെന്റർ - 14 ജില്ലാ കേന്ദ്രങ്ങളിൽ നിന്നും 30 അദ്ധ്യാപകർക്കും കേന്ദ്ര സ്റ്റുഡിയോയിലെ വിദഗ്ധരായ അദ്ധ്യാപകരുമായിട്ട് സംവദിക്കുന്നതിന് ആവശ്യമായ വീഡിയോ കോൺഫറൻസ് സംവിധാനം ഏർപ്പെടുത്തും.

2. ടാബ്‌ലറ്റ് ലൈബ്രറി-പൈലറ്റ് അടിസ്ഥാനത്തിൽ തെരഞ്ഞെടുക്കപ്പെട്ട സ്കൂളുകളിൽ മാത്രം ഏർപ്പെടുത്തും.

3. ലാപ്ടോപ്പ്, കമ്പ്യൂട്ടർ, അൾട്രാ ഷോർട്ട് ത്രോ പ്രൊജക്ടറുകളും ആധുനിക രീതിയിലുള്ള സൗണ്ട് സിസ്റ്റവും ഇന്ററാക്ടീവ് വൈറ്റ് ബോർഡ്, വൈഫൈ സൗകര്യവുമുള്ള അധുനിക ക്ലാസ് മുറിയും വിദ്യാലയങ്ങളിൽ ഏർപ്പെടുത്തുന്നതാണ്.

പൊതുവിദ്യാഭ്യാസ വകുപ്പിന്റെ സംസ്ഥാന - കേന്ദ്രാവിഷ്കൃത പദ്ധതികൾ

82 (4700) ശ്രീ. വി. ശശി : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2010-11, 2011-12, 2012-13, 2013-14, 2014-15 വർഷങ്ങളിൽ പൊതുവിദ്യാഭ്യാസ വകുപ്പിൽ വിവിധ സംസ്ഥാനാവിഷ്കൃത, കേന്ദ്രാവിഷ്കൃത പദ്ധതികൾ നടപ്പിലാക്കുന്നതിലേക്കായി നീക്കിവച്ച തുകയും ആയതിൽ ചെലവഴിച്ച തുകയും പദ്ധതി തിരിച്ച് വെളിപ്പെടുത്താമോ?

ഉത്തരം

വിവരം ശേഖരിച്ചുവരുന്നു.

ഭിന്നശേഷിക്കാരായ കുട്ടികൾ

83 (4701) ശ്രീ. കെ. സുരേഷ് കുറുപ്പ് :
ഡോ. കെ. ടി. ജലീൽ :
ശ്രീ. എ. എം. ആരിഫ് :
ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭിന്നശേഷിക്കാരായ കുട്ടികളുടെ വിദ്യാഭ്യാസത്തിന് സർക്കാർ എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പിലാക്കുന്നതെന്ന് വെളിപ്പെടുത്താമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഈ പദ്ധതികൾക്കാവശ്യമായ ഫണ്ടിന്റെ സ്രോതസ് എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(സി) കേന്ദ്രസർക്കാരിന്റെ എസ്.എസ്.എ. പദ്ധതിയിൽ ഭിന്നശേഷിക്കാരായ കുട്ടികളുടെ വിദ്യാഭ്യാസത്തിന് ലഭിക്കുന്ന ഫണ്ട് സംബന്ധിച്ച വിശദാംശം നൽകാമോ; മുൻവർഷവും നടപ്പ് സാമ്പത്തിക വർഷവും ഇതിനായി കേന്ദ്രം അനുവദിച്ച തുകയും ചെലവഴിച്ച തുകയും എത്രയെന്ന് വ്യക്തമാക്കാമോ;

(ഡി) ഫണ്ടിന്റെ അപര്യാപ്തതമൂലം പ്രത്യേക പരിഗണന അർഹിക്കുന്ന ഇത്തരം വിദ്യാർത്ഥികൾക്കുള്ള പദ്ധതികൾ വെട്ടിക്കുറച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ഉത്തരം

(എ) ഭിന്നശേഷിയുള്ള കുട്ടികളുടെ വിദ്യാഭ്യാസത്തിനായുള്ള കേന്ദ്രാവിഷ്കൃത പദ്ധതിപ്രകാരം സംയോജിത വിദ്യാഭ്യാസപദ്ധതി (1 മുതൽ 8 വരെയുള്ള ക്ലാസ്സ്) ഇൻക്ലൂസീവ് എഡ്യൂക്കേഷൻ ഫോർ ദി ഡിസേബിൾഡ് അറ്റ് സെക്കന്ററി സ്റ്റേജ് (9,10,11,12 എന്നീ ക്ലാസ്സുകൾ) എന്നിവയും സംസ്ഥാന പദ്ധതിയുടെ ഭാഗമായി ഭിന്നശേഷിയുള്ള കുട്ടികൾക്ക് വേണ്ടിയുള്ള സ്പെഷ്യൽ സ്കൂളുകളും പ്രവർത്തിച്ചു വരുന്നു.

(ബി) കേന്ദ്രപദ്ധതികൾക്കാവശ്യമായ തുക കേന്ദ്രത്തിൽനിന്ന് സംസ്ഥാനത്തിന് ലഭ്യമാക്കുകയും സംസ്ഥാന പദ്ധതിക്കാവശ്യമായ തുക സംസ്ഥാന സർക്കാരും ലഭ്യമാക്കുന്നു.

(സി) ഭിന്നശേഷിക്കാരായ കുട്ടികളുടെ വിദ്യാഭ്യാസത്തിന് എസ്.എസ്.എ. പദ്ധതിപ്രകാരം കേന്ദ്രസർക്കാർ 2014-15-ൽ 2384.91 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. മുൻ വർഷം കേന്ദ്രം അനുവദിച്ച തുകയും ചെലവഴിച്ച തുകയും സംബന്ധിച്ച വിവരം ശേഖരിച്ചുവരുന്നു.

(ഡി) എസ്.എസ്.എ.-യുടെ ഭാഗമായി പ്രത്യേക പരിഗണന അർഹിക്കുന്ന വിദ്യാർത്ഥികൾക്കുള്ള പദ്ധതികളെല്ലാം നടപ്പിലാക്കിവരുന്നു.

പ്രധാനമന്ത്രിയുടെ ക്ലീൻ ഇൻഡ്യാ പരിപാടി

84 (4702) ശ്രീ. എ. പ്രദീപ്കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രധാനമന്ത്രിയുടെ ക്ലീൻ ഇൻഡ്യാ പരിപാടിയുടെ ഭാഗമായി സംസ്ഥാനത്ത് എത്ര സ്കൂളുകളിൽ ശുചിത്വ പരിപാടികൾ ആവിഷ്കരിച്ചിട്ടുണ്ട് ; വിശദാംശങ്ങൾ വെളിപ്പെടുത്താമോ ;

LIBRARY ARCHIVES Kerala Legislative Assembly